## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7781 — 15/07/2014 ൽ മറുപടിയ്ക്ക്

### ഇ-വേയ്സ്റ്റ് ഡിസ്പോസൽ സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം.പി. വിൻസെന്റ്**<br>**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. പി.എ. മാധവൻ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി** |
| (എ) ഇ - വേയ്സ്റ്റ് ഡിസ്പോസൽ നടത്തുന്നതിന് പരിസ്ഥിതി വകുപ്പ് സംവിധാനം ഏർപ്പെടുത്തുമോ; | (എ) ഇ - മാലിന്യങ്ങളുടെ സുരക്ഷിതമായ ശേഖരണം, സംഭരിക്കൽ, കയറ്റി അയയ്ക്കൽ, ശാസ്ത്രീയമായ നശിപ്പിക്കൽ എന്നിവ സംബന്ധിച്ചുള്ള നടപടി ക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 1.1.2014 ലെ ജി.ഒ. (എം.എസ്.) 01/2014/പരി നമ്പർ ഉത്തരവു പ്രകാരം സർക്കാർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഇ — മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ / ഡിസ്മാന്റ്ലർക്ക് നൽകുന്നതിന് ഇ — മാലിന്യ ശേഖരണ സെന്ററുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകി വരുന്നു. |
| (ബി) ഇ — വേയ്സ്റ്റ് റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകുമോ; | (ബി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇ — മാലിന്യങ്ങൾ (ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽസ്) ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്ന പദ്ധതിയ്ക്കും പുനരുപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾക്കും രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതും, വിജയകരമായതുമായ പദ്ധതികൾ കണ്ടെത്തി പുതിയതരം ടെക്നോളജി ഉൾപ്പെടുത്തി അത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ക്ലീൻ കേരള കമ്പനി ടെൻഡർ ക്ഷണിച്ചിരിക്കയാണ്. |
| (സി) പാരിസ്ഥിതിക സന്തുലനാവസ്ഥ തകർക്കുന്നതിൽ ഇ — വേയ്സ്റ്റ് എന്തു പങ്കാണ് വഹിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) പ്ലാസ്റ്റിക്, അപകടകാരികളായ ഘന ലോഹങ്ങൾ, രസം, കാഡ്മിയം, ബെറിലിയം എന്നിവ അടങ്ങുന്ന ഇ — വേസ്റ്റുകൾ യഥാവിധി സംസ്കരിക്കാത്തപക്ഷം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതാണ്. ഇ — മാലിന്യം വേർതിരിക്കാതെ ജൈവ മാലിന്യവുമായി ചേർത്ത് മണ്ണിനടിയിൽ |

മൂടുന്നതും ജലാശയങ്ങളിലും മറ്റും കളയുന്നതും തുറസ്സായി ഇത്തരം മാലിന്യം കത്തിക്കുന്നതും ജലം, വായു, മണ്ണ് ഇവയെല്ലാം മലിനപ്പെടുത്തുന്നതിന് കാരണമാകുന്നു.

സെക്ഷൻ ഓഫീസർ